January 2017 വാല്യം 4 ലക്കം 1 www.gcmessenger.com ഇതൾ 1

bafa RADIO LIVE 24X7 WWW.BAFARADIO.COM

# ഗ്ലോബൽ ക്രിസ്ത്യൻ മെസെഞ്ചർ

ആത്മീകതയുടെ യഥാർത്ഥ വഴികാട്ടി

Contact: 0558529710 www.gcmessenger.com The Global Christian Messenger

INSIDE

02 എഡിറ്റോറിയൽ പരിരക്ഷിക്കപ്പെടേണ്ട വാർദ്ധക്യം

03 ലേഖനം ലോകം ഭരിച്ച ഭാഷയുടെ കഥ

06 പഠനം ദൂതന്മാരെക്കാൾ ശ്രേഷ്ഠൻ

## കുമ്പനാട് കൺവൻഷൻ ഒരുക്കങ്ങൾ പൂർത്തിയായി

- പാസ്റ്റർ ജേക്കബ് കെ.തോമസ് (ഇറ്റാർസി), പാസ്റ്റർ പ്രതാപ് സിംഗ് (ചെന്നൈ) തുടങ്ങിയവർ അതിഥി പ്രസംഗകരാകും
- 6000 പേർക്ക് ഇരിക്കാവുന്ന എ.സി ഓഡിറ്റോറിയത്തിന്റെ ശിലാസ്ഥാപനം 21 ന് നടക്കും

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ 93-ാം അന്തർദേശീയ കൺവൻഷനായ കുമ്പനാട് കൺവൻഷനുള്ള ഒരുക്കങ്ങൾ പൂർത്തിയാകുന്നു. 2017 ജനുവരി 15 മുതൽ 22 വരെ സഭാ ആസ്ഥാനമായ ഹെബ്രോൻപുരത്ത് നടക്കുന്ന കൺവൻഷന്റെ ചിന്താവിഷയം 'തിരുവെഴുത്തുകളുടെ ശക്തി' എന്നതാണ്.

ജനുവരി 15-ന് വൈകിട്ട് 5.30 ന് സഭാ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ജനറൽ സെക്രട്ടറി പാസ്റ്റർ.ഡോ.കെ.സി.ജോൺ അദ്ധ്യക്ഷത വഹിക്കും. ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ് പ്രാരംഭ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകും. പാസ്റ്റർ ജേക്കബ് കെ.തോമസ് (ഇറ്റാർസി), പാസ്റ്റർ പ്രതാപ് സിംഗ് (ചെന്നൈ) എന്നിവരാണ് ഈ വർഷത്തെ പ്രധാന അതിഥി പ്രസംഗകർ.



*പാസ്റ്റർ പ്രതാപ് സിംഗ്*



*പാസ്റ്റർ ജേക്കബ് കെ. തോമസ്*

പ്രാരംഭ രാത്രി സുവിശേഷ സമ്മേളനത്തിൽ പാസ്റ്റർമാരായ കെ.ജെ.തോമസ്, സണ്ണി കുര്യൻ, സാം കുട്ടി ചാക്കോ എന്നിവർ പ്രസംഗിക്കും. ജോയിന്റ് സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ് സ്വാഗതം ആശംസിക്കും. വിവിധ ദിവസങ്ങളിൽ വൈകിട്ട് 5.30 ന് സുവിശേഷ സമ്മേളനത്തിൽ പാസ്റ്റർമാരായ കെ.സി. ജോൺ, വിൽസൺ ജോസഫ്, തോമസ് ഫിലിപ്പ്, റ്റി. വൽസൻ ഏബ്രഹാം, ഫിന്നി സാമുവൽ, കെ.സി.തോമസ്, ഷിബു തോമസ്, ബാബു ചെറിയാൻ, ബേബി വർഗ്ഗീസ്, ഷിബു നെടുവേലിൽ, വർഗ്ഗീസ് ഏബ്രഹാം, ബി.മോനച്ചൻ, സാം ജോർജ്ജ്, കെ.ജോയി, ഫിലിപ്പ് പി തോമസ്, ജെയിംസ് ജോർജ്ജ് എന്നിവർ പ്രസംഗിക്കും. ലോകമെങ്ങുമായി വ്യാപിച്ചു കിടക്കുന്ന ഐ.പി.സി.പ്രസ്ഥാനത്തിലെ നൂറുകണക്കിന് പ്രഗത്ഭ പ്രസംകരും ശുശ്രൂഷകരും പകൽ യോഗങ്ങളിൽ ദൈവവചന ശുശ്രൂഷ നിർവ്വഹിക്കും. സാം കുഴിക്കാല ചെയർമാനായും പാസ്റ്റർ റോയി പൂവക്കാല കൺവീനറായുമുള്ള ക്വയർ ഗാനശുശ്രൂഷ നടത്തും.

കൺവൻഷന് മുന്നോടിയായി കഴിഞ്ഞ മൂന്നു വർഷങ്ങളായി നടന്നു വരുന്നതുപോലെ ഒരാഴ്ച നീണ്ടുനിൽക്കുന്ന ഉപവാസയോഗങ്ങൾ ജനുവരി 8 മുതൽ 14 വരെ കൺവൻഷൻ പന്തലിൽ നടക്കും.

## ഐ.പി.സി കേരളാസ്റ്റേറ്റ് കൺവൻഷന് അനുഗ്രഹസമാപ്തി

**പെരുമ്പാവൂർ:** ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ സംസ്ഥാന കൺവൻഷന് അനുഗ്രഹസമാപ്തി. സമാപനദിവസം ഡിസംബർ 11-ന് സംയുക്ത ആരാധനയിലും തിരുവത്താഴശുശ്രൂഷയിലും നൂറുക്കണക്കിനു വിശ്വാസികൾ പങ്കെടുത്ത് അനുഗ്രഹംപ്രാപിച്ചു. സ്റ്റേറ്റ് പ്രസിഡണ്ട് പാസ്റ്റർ കെ.സി. തോമസ് തിരുവത്താഴശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ അദ്ധ്യക്ഷത വഹിച്ച സമാപനസമ്മേളനത്തിൽ പാസ്റ്റർമാരായ സി.സി. ഏബ്രഹാം, രാജു പൂവക്കാല, കെ.എം. ജോസഫ്, രവി മണി എന്നിവർ പ്രസംഗിച്ചു. പെരുമ്പാവൂർ ആശ്രമം ഹയർസെക്കൻഡറി സ്ക്കൂൾ ഗ്രൗണ്ടിൽ ഡിസംബർ 7 ബുധനാഴ്ച വൈകിട്ട് 6-ന് പാസ്റ്റർ ഏബ്രഹാം ജോർജിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച കൺവൻഷനിലെ രാത്രിയോഗങ്ങളിൽ പാസ്റ്റർമാരായ വറുഗീസ് എബ്രഹാം, ഫിലിപ്പ് പി. തോമസ്, കെ.സി.ജോൺ, ബാബു ചെറിയാൻ, സണ്ണി കുര്യൻ എന്നിവർ പ്രസംഗിച്ചു. കൺവൻഷൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.



*സ്റ്റേറ്റ് പ്രസിഡണ്ട് പാസ്റ്റർ കെ.സി. തോമസ് തിരുവത്താഴശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നു.*

വ്യാഴം, വെള്ളി, ശനി എന്നീ ദിവസങ്ങളിലെ പകൽ യോഗങ്ങളിൽ ബൈബിൾ സ്റ്റഡി. ശുശ്രൂഷകസമ്മേളനം, ഉപവാസപ്രാർത്ഥന, സഹോദരി സമ്മേളനം, സണ്ടേസ്കൂൾയുവജനസമ്മേളനങ്ങൾ എന്നിവ പെരുമ്പാവൂർ ഒന്നാം മൈൽ ഐ.പി.സി. ചർച്ചിൽ നടന്നു.

Circulation strictly for Christian churches only and not for sale.

## "പാ. കെ.സി. ജോൺ: പ്രഭാഷണകൃപയുടെ സുവർണ്ണജൂബിലി" -പുസ്തകം പുറത്തിറങ്ങുന്നു



**തിരുവല്ല:** ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ ജനറൽ സെക്രട്ടറിയും പ്രസിദ്ധ സുവിശേഷ പ്രസംഗകനുമായ പാസ്റ്റർ ഡോ.കെ.സി. ജോൺ പ്രസംഗവേദിയിൽ 50 വർഷം പൂർത്തിയാക്കുകയാണ്. തലവടിയിലെ ഇടയത്ര എന്ന സാധാരണ കുടുംബത്തിൽ ജനിച്ച് ലോകത്തിന്റെ എല്ലാ വൻകരകളിലും സുവിശേഷത്തിന്റെ സാക്ഷിയായതാണ് തന്റെ ജീവിതം.

ഐപിസി ജനറൽ പ്രസിഡന്റ്, സ്റ്റേറ്റ് സെക്രട്ടറി, പി.വൈപി.എ പ്രസിഡന്റ് എന്നീ നിലകളിലും തന്റെ പ്രാഗത്ഭ്യം തെളിയിച്ചു. തിരുവല്ല സെന്ററിന്റെ ശുശ്രൂഷകനായിരിക്കുമ്പോൾ തന്നെ ലോകമെങ്ങുമുള്ള മലയാളികൾ ശ്രദ്ധയോടെ വീക്ഷിക്കുന്ന പവർ വിഷൻ ടിവി ചാനലിന്റെ സ്ഥാപകനുമാണ്.

പ്രസംഗത്തിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് 2017 മാർച്ചിൽ അനുഭവങ്ങളും, ശുശ്രൂഷകളും, ഫോട്ടോകളും അടങ്ങിയ പുസ്തകം പുറത്തിറങ്ങുന്നു. നിങ്ങളുമായി ബന്ധപ്പെട്ട ശുശ്രൂഷാ/പരിചയ അനുഭവങ്ങൾ, ശുശ്രൂഷകൾ, ഫോട്ടോകൾ എന്നിവ ജനുവരി 31ന് മുൻപ് ചീഫ് എഡിറ്ററെയോ സെന്റർ സെക്രട്ടറി സുവി.അജു അലക്സിനെയോ ഏൽപ്പിക്കണം. വിലാസം: ജോജി ഐപ്പ് മാത്യൂസ്, മണക്ക് പുത്തൻപുരയിൽ, മേപ്രാൽ പി.ഒ. തിരുവല്ല-689591.email:jojiiype@yahoo.com
Ph: 9446392303, 9567675635



gcm january 2017.indd 1 10-01-2017 23:31:25

1192 ധനു – മകരം

വാങ്മുഖം

# പരിരക്ഷിക്കപ്പെടേണ്ട വാർദ്ധക്യം

ഇന്ത്യാ ഗവൺമെന്റിന്റെ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ 5 വർഷങ്ങൾക്കുള്ളിൽ വൃദ്ധ സദനങ്ങളിലെ ആളുകളുടെ എണ്ണത്തിൽ 69 ശതമാനം വർദ്ധനയുണ്ടായതായി ഞെട്ടിക്കുന്ന കണക്കുകൾ. ഹെൽപ്പേജ് ഇന്ത്യ നടത്തിയ പഠനത്തിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ ഏറ്റവും കൂടുതൽ വൃദ്ധസദനങ്ങൾ ഉള്ള സംസ്ഥാനം കേരളമാണെന്നും കണ്ടെത്തി. 2001-ൽ രാജ്യത്തിന്റെ ജനസംഖ്യയിൽ 9.79 ശതമാനം 60 വയസ്സിനു മുകളിലുള്ളവർ ആയിരുന്നെങ്കിൽ 2021 ഓടെ ആകെ ജനസംഖ്യയുടെ 16 ശതമാനം വൃദ്ധജനങ്ങൾ കേരളത്തിൽ ഉണ്ടാകും എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വൃദ്ധ ജനങ്ങളിൽ ഭൂരിഭാഗവും വിധവമാരായ സ്ത്രീകൾ ആണെന്നതും ശ്രദ്ധേയം.

2004-ലെ കണക്കനുസരിച്ച് വാർദ്ധക്യ ജനസംഖ്യയിൽ പത്തനംതിട്ട ജില്ലയാണ് ഒന്നാം സ്ഥാനത്ത്. ആലപ്പുഴ, കോട്ടയം, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകൾ തൊട്ടടുത്ത സ്ഥാനത്തുണ്ട്.

മനുഷ്യജനനം മുതൽ അവർ പ്രായാധിക്യത്തിലേക്കുള്ള യാത്രയിലാണ്. സ്നേഹിക്കപ്പെട്ട ഒരു ബാല്യവും ആകാംക്ഷകൾ നിറഞ്ഞ കൗമാരവും ഊർജസ്വലമായ ഒരു യൗവ്വനവും പിന്നിട്ടാണ് മനുഷ്യൻ വാർദ്ധക്യത്തിന്റെ തടവറയിലെത്തുന്നത്. മനുഷ്യൻ ഏറ്റവും ലാളനയും കരുതലും അനുഭവിക്കുന്നത് അവരുടെ ബാല്യത്തിലാണ്. ഒന്ന് കരഞ്ഞാൽ ഓടി എത്തി സാന്ത്വനമോതുന്ന അമ്മ ദൈവം മനുഷ്യന് നൽകിയ ഏറ്റവും അമൂല്യമായ നിധിയാണ്. കുടുംബ ഭാരത്തിന്റെ നുകംപേറി പകലന്തിയോളം വിയർപ്പൊഴുക്കി അദ്ധ്വാനിക്കുന്ന പിതാക്കൾ. കഷ്ടപ്പെട്ടും പട്ടിണികിടന്നുമാണ് പലകുടുംബങ്ങളിലും അവർ കുഞ്ഞുങ്ങളെ വളർത്തിയത്. അവർക്കു ലഭിക്കാതിരുന്ന എല്ലാ സൗഭാഗ്യങ്ങളും തങ്ങളുടെ മക്കൾക്ക് നൽകാനായി അവർ പരിശ്രമിച്ചു. നല്ല ഭക്ഷണം, പാർപ്പിടം, നല്ല വസ്ത്രങ്ങൾ, ഉയർന്ന വിദ്യാഭ്യാസം എല്ലാം അവർ തലമുറകൾക്കു നൽകി. പകലത്തെ അദ്ധ്വാനം വകവയ്ക്കാതെ രാത്രികളിൽ ഉണർന്നെണീറ്റു ഉറക്കമിളച്ചു കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിച്ചു, കാലത്തിന്റെ കടന്നുപോക്കിൽ ദൈവം തലമുറകളെ അനുഗ്രഹിച്ചു.

ഇന്ന് സ്ഥിതികൾ മാറി. പല വീടുകളിലും വാർദ്ധകൃത്തിലെത്തിയ മാതാപിതാക്കൾ ഒരധികപ്പറ്റായി മാറിയിരിക്കുന്നു. കൊട്ടാര സമാനമായ വീടുകളും ഒരു പരിചാരികയും ഒരു പട്ടിയുമൊക്കെയായി മിക്ക മാതാപിതാക്കളും ഒതുക്കപ്പെട്ടു. നല്കിയതിനൊന്നും അവർ പ്രതിഫലം ചോദിച്ചില്ല. അവസാന നാളുകളിൽ ഒരിറ്റു സ്നേഹം നൽകാൻ കഴിയാതെ മക്കൾ അവരവരുടെ സുഖ ലോലുപതയിൽ പുളച്ച് ജീവിക്കുന്നു.

പല വീടുകളിലും മക്കൾ വിവാഹിതരാകുന്നതോടെ മാതാ പിതാക്കളോട് അകലുന്നു. തങ്ങളുടെ മക്കൾ തങ്ങളെ സ്നേഹിക്കുന്നില്ല എന്നുള്ളതാണ് അവരുടെ ഏറ്റവും വലിയ സങ്കടം. കൈനിറയെ ലക്ഷങ്ങൾ ശമ്പളം വാങ്ങുമ്പോൾ വളർത്തിയ മാതാപിതാക്കൾക്ക് ഒരു രൂപപോലും കൊടുക്കാത്ത മക്കൾ. മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ കൊണ്ടാക്കിയിട്ടു തിരിഞ്ഞു നോക്കാത്തവർ. അവധിക്കാലം ചെലവിടാനായി നാട്ടിൽ എത്തുമ്പോഴെങ്കിലും അവർ തങ്ങളെ വന്നു കാണും എന്ന് ആർത്തിയോടെ കാത്തിരിക്കുന്ന പലർക്കും നിരാശയാണ് ഫലം. കൊച്ചു മക്കളെ മടിയിലിരുത്തി കഥകൾ പറഞ്ഞ് അവരെ ഒന്ന് ആശ്ലേഷിക്കാനൊന്നും ഇവർക്ക് ആഗ്രഹമില്ലാഞ്ഞിട്ടല്ല. ഒപ്പം മക്കളുടെ സ്നേഹനിർഭരമായ ഒരു തലോടലിനായി അവർ കൊതിക്കുന്നുമുണ്ട്. മിക്ക മാതാപിതാക്കൾക്കും അവരുടെ കുഞ്ഞുങ്ങൾക്കൊപ്പം വാർധക്യം ചെലവിടാനാണിഷ്ടം. സ്വന്തം മാതാപിതാക്കൾക്ക് ഒരു നേരത്തെ ആഹാരത്തിനു വകനൽകാത്ത, അവരെ സ്നേഹത്തോടൊന്നു വിളിക്കാത്ത അനേകർ ഇന്ന് നമ്മുടെ ഇടയിൽ ഉണ്ടെന്നുള്ള ദുഃഖസത്യം മറക്കരുത്.

പുറംലോകത്ത് കാണുന്നതുപോലെയല്ല പല കുടുംബങ്ങളുടെയും സ്ഥിതി. കരുതപ്പെടേണ്ടവരെ കരുതുവാൻ നാം മറക്കുന്നു. നൽകേണ്ടത് നൽകാൻ നാം അമാന്തിക്കുന്നു. രോഗികളും അശരണരുമായ മാതാപിതാക്കൾക്ക് നൽകേണ്ട പരിഗണനകൾ, ശുശ്രൂഷകൾ ഒക്കെ നല്കാൻ നമുക്ക് ഉത്തരവാദിത്തമുണ്ട്. സ്വന്തം മാതാപിതാക്കളോടുള്ള കടമകൾ നിർവ്വഹിക്കാത്തവർ ശപിക്കപെട്ടവരാണ്. മറ്റൊരു കൂട്ടർ മാതാപിതാക്കളിൽനിന്നും ലഭിക്കേണ്ട സ്വത്തുക്കൾ എഴുതിവാങ്ങിയശേഷമാണ് ഇവരെ വൃദ്ധസദനങ്ങളിൽ ഉപേക്ഷിച്ച് പോകാറെന്നുള്ളതാണ് അതീവ ദുഃഖകരം.

ഇന്ന് നമുക്കിടയിൽ നടകൊള്ളുന്ന ഒരു വല്ലാത്ത തിന്മയാണിത്. നല്ല കുടുംബബന്ധങ്ങളുടെ ആവശ്യകത നമ്മുടെ മക്കളെ പഠിപ്പിക്കാൻ നാം മറന്നുപോകുന്നു. അതിനുള്ള ഏറ്റം ഉത്തമമായ സ്ഥലം നമ്മുടെ കുടുംബങ്ങൾ തന്നെയാണ്. കുടുംബാംഗങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നമ്മുടെ മക്കളെ പഠിപ്പിക്കണം. അത് വാക്കുകൾ കൊണ്ടല്ല, പ്രത്യുത നമ്മുടെ ക്രിയകളിലൂടെ നാം അതിനു മാതൃകയാകണം. നാം വിതയ്ക്കുന്നതേ കൊയ്യൂ എന്ന തത്വം മറക്കരുത്.

വിശുദ്ധ വേദപുസ്തക ഭാഷയിൽ നാം നമ്മുടെ മാതാപിതാക്കളെ കർത്താവിൽ അനുസരിക്കണം. മാത്രമല്ല, നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും കാണുന്നു.(എഫെസ്യർ 6:13) ഇത് വാഗ്ദത്തത്തോടുകൂടിയ ആദ്യ കൽപ്പന ആകുന്നു. സദൃശ്യ വാക്യം 30:7-ൽ അപ്പനെ പരിഹസിക്കുകയും അമ്മയെ അനുസരിക്കാതിരിക്കുകയും ചെയ്യുന്ന കണ്ണിനെ തോട്ടരികത്തെ കാക്ക കൊത്തിപ്പറിക്കയും കഴുകിൻ കുഞ്ഞുങ്ങൾ തിന്നുകളകയും ചെയ്യും എന്ന് കാണുന്നു. പുറപ്പാട് 20:12-ൽ നിന്റെ ദൈവമായ യഹോവ നിനക്ക് തരുന്ന ദേശത്തു നിനക്ക് ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും കാണുന്നു.

സഹോദരങ്ങളെ, നാം അളക്കുന്ന അളവിനാൽ നമുക്കും അളന്നുകിട്ടും എന്ന ബോധ്യത്തോടെ മാതാപിതാക്കളെ ദുഃഖിപ്പിക്കാതെ അവർക്കൊരു തണലായി സ്നേഹ സാന്ദ്രമായ കുടുംബങ്ങൾ കെട്ടിപ്പടുക്കാൻ ഈ പുതു വർഷത്തിൽ നമുക്ക് ഇടയാകട്ടെ.

എല്ലാ മാന്യ വായനക്കാർക്കും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ഒരു പുതുവത്സരം ആശംസിക്കുന്നു.



ഷിബു കണ്ടത്തിൽ
ചീഫ് എഡിറ്റർ



*ഐ.പി.സി ശാലേം, ദുബായ് സഭ തങ്ങളുടെ വിശ്വാസികൾക്കായി കൊച്ചിൻ ബൈബിൾ കോളേജിന്റെ നേതൃത്വത്തിൽ നടത്തുന്ന ബൈബിൾ പഠനത്തിൽ 2013-2016 കാലയളവിൽ വേദപഠനം പൂർത്തിയാക്കിയ ബിരുദധാരികളായ വിദ്യാർത്ഥികൾ ഭാരവാഹികൾക്കൊപ്പം.*




*ദുബായ് വിഷൻ ബൈബിൾ കോളേജിൽ നിന്നും ഗ്രാജേറ്റ് ചെയ്ത വേദവിദ്യാർത്ഥികൾ ഭാരവാഹികൾക്കും അദ്ധ്യാപകർക്കും ഒപ്പം*

For Private Circulation only - Not for sale

gcm january 2017.indd 2 10-01-2017 23:31:28

# ലോകം ഭരിച്ച ഭാഷയുടെ കഥ



**വില്യം മല്ലശ്ശേരി**

ക്രിസ്തുമതത്തിന്റെ ഭാഗമായി ഇംഗ്ലീഷിലേക്കു പല വാക്കുകളും എത്തിയിട്ടുണ്ട്. ഇവയിൽ ഏറെയും ലാറ്റിൻ വാക്കുകൾ ആയിരുന്നു. ബ്രിട്ടണിൽ നിന്നും റോമിലേക്കു അടിമവേലയ്ക്കായി യുവാക്കളെ കൊണ്ടുപോയിരുന്നു. പിന്നീട് പോപ്പ് ഗ്രിഗറിയെന്ന പേരിൽ മാർപാപ്പയായ പുരോഹിതൻ മാലാഖമാരെപ്പോലെ സുന്ദരന്മാരായിരുന്ന ഈ യുവാക്കളെ കാണാനിടയായി. അദ്ദേഹം ഉടൻ തന്നെ സെന്റ് അഗസ്റ്റിനെ ഇംഗ്ലണ്ടിലേക്ക് അയച്ചു. സുവിശേഷ പ്രചരണാർത്ഥം അൻപതു പേർ അടങ്ങുന്ന ക്രിസ്ത്യൻ സന്യാസിമാരോടൊപ്പം അവിടെയെത്തിയ സെന്റ് അഗസ്റ്റിന് അപകടകാരികളായ തദ്ദേശവാസികളുടെ ഇടയിലേക്കുള്ള വരവ് തികച്ചും അപകടകരമായിരുന്നു. എന്നാൽ അത്ഭുതമെന്നു പറയട്ടെ കെന്റിലും സമീപപ്രദേശങ്ങളിലുമായി ചിതറിപാർത്തിരുന്ന ചെറിയകൂട്ടം ക്രിസ്ത്യാനികൾ അവർക്കു വലിയൊരു തുണയായി മാറി.

കെന്റിലെ ദയാലുവായ രാജാവ് തന്റെ തലസ്ഥാനമായ കാന്റർബറിയിൽ അഗസ്റ്റിനും കൂട്ടർക്കും താമസിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തു കൊടുത്തു. ഇവരെ സഹായിക്കാനായി AD.635-ൽ രാജ്യത്തിന്റെ വടക്കൻഭാഗങ്ങളിൽ സുവിശേഷപ്രചാരകനായ ഐസാൻ എന്നൊരു മിഷനറി കൂടി എത്തിച്ചേരുകയും അനേകം പള്ളികളും ആശ്രമങ്ങളും ഇംഗ്ലണ്ടിൽ സ്ഥാപിക്കുകയും ചെയ്തു.

ക്രിസ്ത്യാനിത്വം ഇംഗ്ലണ്ടിൽ വൻ മാറ്റങ്ങളാണ് കൊണ്ടുവന്നത്. സുവിശേഷത്തിന്റെ വരവോടുകൂടി വൻ വിദ്യാഭ്യാസ പുരോഗതിയും സാധ്യമായിത്തുടങ്ങി. ദൈവശാസ്ത്രവും വൈദ്യശാസ്ത്രവും മാത്രമല്ല, നൂറുകണക്കിനു വാക്കുകളും ക്രൈസ്തവർ പ്രാചീന ഇംഗ്ലീഷ് ഭാഷയ്ക്കു സംഭാവന ചെയ്തിട്ടുണ്ട്. ഇവയിൽ ഭൂരിഭാഗവും ഇന്നു നിലനിൽക്കുന്ന ഭാഷയായി മാറി. അതുവരെ സാധാരണ ജീവിതത്തിന്റെ ഭാഗമായി കാര്യങ്ങൾ പറയാനുള്ള പദസമ്പത്തേ ഇംഗ്ലീഷ് ഭാഷയ്ക്ക് ഉണ്ടായിരുന്നുള്ളു! എന്നാൽ സുവിശേഷം പ്രചരിക്കപ്പെട്ടതോടു കൂടി ഗ്രീക്ക്, ലാറ്റിൻ വാക്കുകളായ എൻഞ്ചൽ (angel), ലിറ്റനി (litany), മാർട്ടിയർ (martyr), മാസ് (mass), Psalms എന്നിവ ഇംഗ്ലീഷ് ഭാഷയുടെ ഭാഗമായി മാറി.

ക്രിസ്തുമതം ഇംഗ്ലീഷ് ഭാഷയ്ക്ക് അനേകം സംഭാവനകളാണ് നൽകിയത്. ദേവാലയവുമായി ബന്ധപ്പെട്ട മിക്ക പദങ്ങളും ലാറ്റിൻ, ഹീബ്രു, ഗ്രീക്ക് ഭാഷകളിൽ നിന്നും കടമെടുത്തവയാണ്. ഉദാ. ഡിസൈപ്പിൾ, പ്രീസ്റ്റ്, ബിഷപ്പ്, നൺ എന്നീ വാക്കുകളെല്ലാം ലാറ്റിൻ ഭാഷയിൽ നിന്നുള്ളവയാണ്. അപ്പോസ്റ്റൽ, പോപ്പ്, പ്സാൾട്ടർ തുടങ്ങിയവ ഗ്രീക്കിൽ നിന്നും, സാബത്ത് തുടങ്ങി മറ്റനേകം ബൈബിൾ വാക്കുകളും ഹീബ്രുവിന്റെ സംഭാവനയാണ്. പൂർവ്വദിക്കുകളിൽ നിന്നുള്ള പല വാക്കുകളും ബൈബിളിനോടൊപ്പം ഇംഗ്ലണ്ടിലേക്കു കുടിയേറി. ക്യാമൽ, ലയൺ, സെസാർ എന്നിവ ഉദാഹരണം. ഓറഞ്ച്, പെപ്പർ തുടങ്ങിയ വാക്കുകളും ഇന്ത്യൻ സംഭാവനയാണ്. ജിൻഞ്ചർ എന്നത് സംസ്കൃതമാണ്.

ലാറ്റിന്റെയും മറ്റും കടന്നുവരവോടെ പ്രാചീന ഇംഗ്ലീഷ് ഭാഷയ്ക്കു പുതിയ അർത്ഥങ്ങൾ ലഭിച്ചുതുടങ്ങി. God, Heaven, hell തുടങ്ങിയവയ്ക്കു ക്രിസ്ത്യാനികളുടെ വരവോടെയാണ് അർത്ഥതലങ്ങൾ ഉണ്ടായത്. ഉദാഹരണത്തിന് ഹോളിസ്പിരിറ്റ് (Holy Spirit) എന്ന അർത്ഥമുള്ള Spirilus Santas എന്ന വാക്ക് Haliq -Gast എന്നു തർജ്ജമ ചെയ്യപ്പെട്ടു. പിന്നീടത് Holy Ghots ആയിത്തീർന്നു. Evangelium (good news) എന്ന വാക്ക് ഇംഗ്ലീഷിൽ God spell ആയിത്തീർന്നു. ഇതാണ് പിന്നീട് Gospel ആയത്.

എട്ടാം നൂറ്റാണ്ടിൽ ക്രിസ്തുമതത്തിന്റെ സ്വാധീനഫലമായി ആഗ്ലോ-സാക്സൺ എന്ന വലിയൊരു സമ്പന്ന സംസ്കാരം ഇംഗ്ലണ്ടിൽ രൂപംകൊണ്ടു. വാക്കുകൾക്കു പൂർണ്ണത കൈവന്നത് ഈ കാലഘട്ടത്തിലാണ്. എന്നാൽ ഇതേ സമയത്തുതന്നെ മറ്റൊരു ഭീഷണി രാജ്യത്തിനു നേരിടേണ്ടി വന്നു. ഭാഷയുടെ രൂപീകരണത്തിൽ ഏറ്റവും വലിയ രണ്ടാമത്തെ സ്വാധീനമായിത്തീർന്ന വൈക്കിംഗുകളുടെ വരവായിരുന്നു അത്.

ക്രിസ്തുവർഷം 793-ൽ ഇംഗ്ലണ്ടിലെ ദേവാലയങ്ങളും ആശ്രമങ്ങളും കൊള്ളയിട്ടുകൊണ്ടായിരുന്നു വൈക്കിംഗുകളുടെ വരവ്. വൈക്കിംഗുകളുടെ ഈ കടന്നാക്രമണം ഇംഗ്ലീഷ് ഭാഷയുടേയും ക്രിസ്ത്യാനിത്വത്തിന്റെയും തന്നെ അവസാനമാകുമായിരുന്നു. എന്നാൽ ആൽഫ്രഡ് ദി ഗ്രേറ്റ് എന്ന പേരിൽ ചരിത്രനായകനായി മാറിയ ആൽഫ്രഡ് രാജാവ് അവരെ തന്ത്രപരമായി കീഴടക്കി. ചിതറിപ്പാർത്തിരുന്ന നാട്ടുരാജ്യങ്ങളെ എല്ലാം കൂടി ഒന്നിച്ചു നിർത്താൻ രാജാവ് ഉപയോഗിച്ചത് ഇംഗ്ലീഷ് എന്ന ആയുധമായിരുന്നു. വിവിധ നാട്ടുരാജ്യങ്ങളിലെ ജനങ്ങൾക്കിടയിൽ ഇംഗ്ലീഷിനെ പൊതുഭാഷയായി മാറ്റിയതിൽ ആൽഫ്രഡിനുണ്ടായിരുന്ന പങ്ക് വളരെ വലുതായിരുന്നു.

വൈക്കിംഗുകൾ തകർത്ത പള്ളികളും സ്കൂളുകളും ആൽഫ്രഡ് പുതുക്കിപ്പണിതു. പ്രാഥമിക വിദ്യാഭ്യാസം അദ്ദേഹം ഇംഗ്ലീഷിലാക്കി. ലാറ്റിൻ ഭാഷ പഠിച്ച അദ്ദേഹം തന്നെ ആ ഭാഷയിലെ പല ഗ്രന്ഥങ്ങളും ഇംഗ്ലിഷിലേക്കു തർജ്ജമ ചെയ്തു. ആൽഫ്രഡിന്റെ മരണശേഷം വൈക്കിംഗുകളും സാക്സണുകളും ചിലപ്പോൾ യുദ്ധം ചെയ്തും മറ്റു ചിലപ്പോൾ സമാധാനത്തിലും ജീവിച്ചു. അക്കാലത്ത് സങ്കീർണമായി അധികപ്പറ്റായിത്തീർന്ന പലപ്രയോഗങ്ങളും ഇല്ലാതാകുകയും സ്കാൻഡിനേവിയൻ ഭാഷയിൽ നിന്നും വൻതോതിൽ വാക്കുകൾ ഇംഗ്ലണ്ടിലേക്കു കുടിയേറുകയും ചെയ്തു.

ഇംഗ്ലീഷ് ഭാഷയുടെയും ഇംഗ്ലണ്ടിന്റെയും ചരിത്രത്തിലെ മറ്റൊരു സുപ്രധാന സംഭവമാണ് നോർമാൻ കുടിയേറ്റം. നോർമാൻസിയിലെ ഭരണാധികാരിയായിരുന്ന വില്യം ദി കോൺകറർ 1066-ൽ ഇംഗ്ലണ്ടിലെ ഹാരോൾഡ് രാജാവിനെ വധിച്ച് അധികാരം പിടിച്ചെടുത്തു. ഇത് ഇംഗ്ലീഷ് ഭാഷയുടെ ഗതി തന്നെ മാറ്റിമറിച്ചു. ഇംഗ്ലീഷ് രാജകുടുംബാംഗങ്ങളെ മുഴുവൻ കൊന്നൊടുക്കിയ വില്യം ഇംഗ്ലണ്ടിൽ ഫ്രഞ്ചുഭാഷ നിർബന്ധമാക്കി. ഫ്രഞ്ചു സംസാരഭാഷയും ലാറ്റിൻ ഔപചാരിക ഭാഷയുമായി മാറി. എന്നാൽ 1204-ൽ ജോൺ രാജാവിന്റെ ധീരമായ സൈനീക മുന്നേറ്റത്തിലൂടെ ഇംഗ്ലീഷ് ഭാഷ തിരിച്ചു പിടിച്ച് 1244 ആയപ്പോഴേക്കും ഫ്രഞ്ചുകാരെ മുഴുവനായും രാജ്യത്തു നിന്നും പുറത്താക്കി. അങ്ങനെ ഇംഗ്ലീഷ് വീണ്ടും ജനങ്ങളുടെ പ്രിയപ്പെട്ട ഭാഷയായി മാറി.

(തുടരും)

CARMEL IPC ABU DHABI, MUSSAFAH
BRETHREN CHURCH CENTRE
അബുദാബിയിൽ ജോലിക്കും സന്ദർശനത്തിനും വരുന്നവർക്കായി അനുഗ്രഹീതമായ ആരാധനാ സൗകര്യം
എല്ലാ വ്യാഴാഴ്ചയും വൈകിട്ട് 7:45 PM - 10:15 PM വരെ മുസഫ ബ്രദറൺ ചർച്ച് സെന്റർ G2 ഹാളിൽ ആരാധന
എല്ലാ വെള്ളിയാഴ്ചയും രാവിലെ 9:45 AM – 12:15 PM വരെ മുസഫ ബ്രദറൺ ചർച്ച് സെന്റർ G4 ഹാളിൽ ഉപവാസ പ്രാർത്ഥനയും ആരാധനയും
ഈ അനുഗ്രഹീത മീറ്റിംഗുകളിലേക്ക് നിങ്ങളെ ഏവരേയും സ്വാഗതം ചെയ്യുന്നു
അബുദാബി, മുസ്സഫാ, ഷാബിയാ, സനയ്യാ, ഐക്കാഡ്, മഫ്റക്, ബനിയാസ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും യാത്രാ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
For more details please contact:
Pastor M.M. Thomas (Joy) +971503133826/ Eva. Joji Johnson+971503107651
web:www.carmelipc.org / facebook: carmelipcabudhabi / email: pastormmthomas@gmail.com

SUPREME WAY PACKING L.L.C.
One Stop.. For All Your Relocation Needs
PROFESSIONAL PACKERS & MOVERS
Experts in :
Relocation of Offices, Villas & Flats, Industries & Warehouses
Export Packing & Relocation
Storage Packing
Project Cargo Packing
Ware Housing & Distribution
FOR FREE QUOTE log on to www.supremewaypacking.com
International Relocation to all Major Countries
Special Rates to all GCC Countries Relocations.....
Office 4L6, Al Kharbash Bldg, Al Khail Road P.O. Box : 63715, Dubai, U.A.E.
Tel.: +971 4 3205195 (DXB), +971 2 6507870 (AUH), +971 50 4371123 (Mob)
E-mail: info@supremewaypacking.com, sales@supremewaypacking.com



gcm january 2017.indd 3 10-01-2017 23:31:30

# വിപ്ലവ പടവാൾ എടുത്ത കുര്യാക്കോസ് വചനമേന്തി തെരുക്കോണുകളിൽ

**ഷിബു കണ്ടത്തിൽ**

കുടക്കച്ചിറ കുര്യാക്കോസ് വിപ്ലവ വീര്യം കുറയാത്ത കവല പ്രസംഗകൻ. കാഞ്ചിയാർ കുടുക്കച്ചിറ മത്തായി - തങ്കമ്മ ദമ്പതികളുടെ മകൻ കുര്യാക്കോസ് ചില വർഷങ്ങൾക്കുമുൻപ് വിപ്ലവചിന്ത തലയ്ക്കു പിടിച്ച ഒരു യുവ വിപ്ലവകാരിയായിരുന്നു. വിപ്ലവ പാർട്ടികൾ സോഷ്യലിസം കൊണ്ടുവരുമെന്നും അത് വഴി സമത്വസുന്ദരമായ ഒരു ലോകം കെട്ടിപ്പടുക്കാമെന്നും കരുതിയിരുന്ന ഇടതുപക്ഷ സഹയാത്രികൻ. അതിനുവേണ്ടി എന്തും ചെയ്യാൻ കുര്യാക്കോസ് ഒരുക്കമായിരുന്നു, അതുകൊണ്ടുതന്നെ അക്രമസമരങ്ങളെ നയിക്കാൻ മടിയുണ്ടായിരുന്നില്ല.

1977-ൽ 14-ാം വയസ്സിൽ സി.ഐ.ടി.യു-വിൽ അംഗമായി. 1982-ൽ ജനത പാർട്ടിയിൽ എത്തിയതോടെ സജീവ പ്രവർത്തകനായി. വീടും വീട്ടുകാരെയും ഉപേക്ഷിച്ച് പാർട്ടി ഓഫിസിൽ തന്നെ താമസമാക്കി. ജനതാ പാർട്ടി പിന്നീട് ജനതാദൾ ആയപ്പോൾ അയ്യപ്പൻ കോവിൽ പഞ്ചായത്തു കമ്മറ്റി പ്രസിഡണ്ട്, ജില്ലാ സെക്രട്ടറിയേറ്റംഗം, യുവ ജനതാദൾ ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇതിനിടെ നിരവധി സമരങ്ങൾ നടത്തി. വിവിധ കോടതികളിൽ സിവിലും ക്രിമിനലുമായി അനേകം കേസുകളിൽ പ്രതിയായി.

അങ്ങനെ ഇരിക്കെ ഉപ്പുതറ പോലീസ് സ്റ്റേഷന് മുൻപിൽ സമരം നടത്തി. തുടർന്ന് പോലീസ് മനസ്സറിവില്ലാത്ത കുറ്റംചുമത്തി 1995 ഡിസംബർ 2 നു കസ്റ്റഡിയിൽ എടുത്തു. സെഷൻസ് കോടതിക്ക് മാത്രം ജാമ്യം അനുവദിക്കാവുന്ന കേസുകളിൽ പെടുത്തിയാണ് പോലീസ് കേസെടുത്തത്. തന്നെ ജാമ്യത്തിൽ ഇറക്കാൻ ഒറ്റ പാർട്ടിക്കാരനും എത്തിയതുമില്ല. ഫോൺ ചെയ്യാൻ അനുവാദം ചോദിച്ചു സ്റ്റേഷന് വെളിയിലിറങ്ങി മുങ്ങി. പിന്നീട് ഒളിവുകാലമായിരുന്നു കുര്യാക്കോസിന്.

കാലം കുര്യാക്കോസിനെ മാറ്റിയെടുത്തു. താൻ വിശ്വസിച്ച തത്ത്വശാസ്ത്രങ്ങൾ ആപൽഘട്ടത്തിൽ തന്നെ കൈവിട്ടപ്പോളാണ് കുര്യാക്കോസ് ദൈവവഴിയിലേക്ക് നീങ്ങിയത്. ഇതിനിടെ കേസുകൾ എല്ലാം ഒത്തുതീർപ്പായി.



*പാസ്റ്റർ കുര്യാക്കോസ് ജി.സി. മെസെഞ്ചർ ചീഫ് എഡിറ്റർ ഷിബു കണ്ടത്തിലിനൊപ്പം*

ഉപ്പുതറ പോലീസ് സ്റ്റേഷന്റെ കെ.ഡി. ലിസ്റ്റിൽ ഉൾപ്പെട്ടു നിന്നിരുന്ന, ഒന്നേമുക്കാൽ വർഷം നല്ല നടപ്പു ജാമ്യത്തിൽ ഒപ്പിട്ടിരുന്ന കുര്യാക്കോസിനെ രൂപാന്തരപ്പെടുത്തിയത് വിശുദ്ധ വേദപുസ്തകമാണ്. ഉപ്പുതറ ലോക്കപ്പിൽ കിടക്കുമ്പോൾ ഇദ്ദേഹത്തിന്റെ ഉള്ളിൽ അവിടെവച്ച് ഒരു ചോദ്യമുണ്ടായി യഥാർത്ഥമായി ഒരു ദൈവം ഉണ്ടോ? എങ്കിൽ എന്നെ ഇവിടെ നിന്നും വിടുവിക്കട്ടെ ആ ചോദ്യത്തിനു ലഭിച്ച ഉത്തരമാണ് കുര്യാക്കോസ് എന്ന സുവിശേഷകൻ.

ആരംഭകാലത്ത് നാലുവർഷക്കാലം ഒരു സ്വതന്ത്ര സഭയിൽ ശുശ്രുഷിച്ചു. തന്നെക്കുറിച്ചുള്ള ദൈവീക പദ്ധതി ഒരു സഭാശുശ്രൂഷകനായിരിക്കുകയല്ല, പ്രത്യുത ഒരു സുവിശേഷീകരണ ദർശനമാണ് എന്ന തിരിച്ചറിവാണ് കുര്യാക്കോസിനെ ഒരു കവല പ്രസംഗകനാക്കിയത്.

കത്തോലിക്കാ സഭാംഗമായ പിതാവ് പാലായിൽ കുടക്കച്ചിറ കുടുംബാംഗമായിരുന്നു. മാതാവ് ഈഴവ വിഭാഗത്തിൽപെട്ട ആളായിരുന്നു. ഒരു മിശ്ര കുടുംബത്തിലെ അംഗം എന്ന നിലയിൽ സമൂഹത്തിൽ ഒരുപാട് അവഗണനകളും എതിർപ്പുകളും ഇരു കുടുംബത്തിൽ നിന്നും ചെറുപ്പത്തിൽ സഹിക്കേണ്ടി വന്നിട്ടുണ്ട്.

1995-ൽ രക്ഷിക്കപ്പെട്ട കാലഘട്ടത്തിൽ കുര്യാക്കോസിന് ദൈവം നൽകിയ ദൗത്യമാണ് പരസ്യയോഗങ്ങൾ എന്നത്. 1996 മുതൽ പരസ്യയോഗങ്ങൾ ആരംഭിച്ച കുര്യാക്കോസ് 1999 മുതൽ കേരളത്തിലെ എല്ലാ ജില്ലകളിലുമായി ഇതിനോടകം ഏഴായിരത്തിലധികം കവലപ്രസംഗങ്ങൾ ചെയ്തുകഴിഞ്ഞു. ആനുകാലിക സംഭവങ്ങളെ ദൈവവചന വെളിച്ചത്തിൽ പ്രഘോഷിക്കാനാണ് കുര്യാക്കോസിന് ഇഷ്ടം. ധാരാളം ആളുകൾ പരസ്യയോഗങ്ങൾ മുഖേന ദൈവഭാഗത്ത് വരുവാൻ ദൈവം ഇദ്ദേഹത്തെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

മെസ്സഞ്ചേഴ്സ് ഓഫ് ജീസസ് എന്ന പ്രസ്ഥാനത്തിന്റെ സ്ഥാപകനും ഒരു സഞ്ചാര സുവിശേഷകനും പരസ്യയോഗ പ്രസംഗകനുമായ പാസ്റ്റർ കുര്യാക്കോസ് ഒരു ഇടതുപക്ഷ സഹയാത്രികനായിരുന്നു. ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ സജീവ പ്രവർത്തകനായിരുന്ന കുര്യാക്കോസിന്റെ വിവാഹം 1986-ൽ കാഞ്ചിയാർ സി.പി.ഐ(എം) ലോക്കൽ കമ്മറ്റി ഓഫീസിൽ വച്ചായിരുന്നു. ഹൈറേഞ്ചു പീപ്പിൾസ് ഓർഗനൈസേഷൻ എന്ന സന്നദ്ധ സംഘടനയുടെ സ്ഥാപകനും സജീവ പ്രവർത്തകനുമായിരുന്നു ഇദ്ദേഹം.

സുവിശേഷം നിമിത്തം ആദ്യമായി അദ്ദേഹത്തെ അടിക്കുന്നത് പിതൃസഹോദരിയാണ്. പിന്നീട് വിവിധ ഇടങ്ങളിൽ സുവിശേഷ വിരോധികളിൽ നിന്നും എതിർപ്പുകൾ ഉണ്ടായിട്ടുണ്ട്. ഒരിക്കൽ മുഹമ്മയിൽ വച്ചും മറ്റൊരിക്കൽ ആലപ്പുഴ കടലോരത്ത് ഒരു മീറ്റിങ്ങിൽ പ്രസംഗിക്കാൻ പോകവേ അവിടെ ട്രാക്ട് കൊടുത്തപ്പോഴും അടിവാങ്ങേണ്ടി വന്നു. വയനാട്ടിൽ പലയിടങ്ങളിലും മീറ്റിങ്ങുകൾ തടസ്സപ്പെടുത്തിയിട്ടുണ്ടെങ്കിലും ദേഹോപദ്രവം ഉണ്ടായിട്ടിട്ടില്ല.

1995 മുതൽ കേരളത്തിലെ ജയിലുകളിൽ മെസ്സെഞ്ചേർസ് ഓഫ് ജീസസ് എന്ന ടീമിന്റെ പ്രവർത്തന ഭാഗമായി ജയിലുകൾ സന്ദർശിച്ച് ലഘുലേഖകൾ നൽകുകയും ഡി.ജി.പി യുടെ പ്രത്യേക അനുവാദത്തോടെ തടവുകാരോട് സുവിശേഷം അറിയിക്കുകയും ചെയ്യാറുണ്ട്.

തടവുകാരോട് സുവിശേഷം അറിയിക്കുവാനായി പല രീതികൾ അവ



*പാസ്റ്റർ കുര്യാക്കോസ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനൊപ്പം*



gcm january 2017.indd 4 10-01-2017 23:31:31

ലംബിക്കാറുണ്ട്. തടവുകാർക്കായി പ്രത്യേക ആരാധന നടത്താറുണ്ട്. അതിൽ തടവുകാരെ ക്ഷണിക്കും. പൂജപ്പുര സെൻട്രൽ ജയിൽ, വിയ്യൂർ സെൻട്രൽ ജയിൽ എന്നിവിടങ്ങളിൽ ജയിൽ വക പള്ളിയുണ്ട്. അത് വിവിധ ക്രൈസ്തവ സമൂഹത്തിനായി അനുവദിച്ചിട്ടുള്ളതാണ്. എല്ലാ മാസവും മൂന്നാം ഞായറാഴ്ച ഒരുമണിമുതൽ രണ്ടുമണിവരെ ഈ ടീമിന്റെ ആരാധനയ്ക്കായി സമയം അനുവദിച്ചിട്ടുണ്ട്. കണ്ണൂരിൽ ഒരു പ്രാർത്ഥനാഹാൾ ഉണ്ട്. ഇവിടങ്ങളിൽ എല്ലാം താല്പര്യം ഉള്ളവരെ കൂട്ടി ആരാധനയായും പ്രാർത്ഥനയായും നടത്താറുണ്ട്.



*പാസ്റ്റർ കുര്യാക്കോസും എം.എൽ.എ. ശ്രീ. പി.സി.ജോർജ്ജും*

പൊതുവിൽ ജില്ലാ ജയിലുകളിലും സ്പെഷ്യൽ സബ് ജയിലിലും സബ് ജയിലുകളിലും ഒക്കെ ജയിൽ അധികൃതർ അറിയിപ്പ് കൊടുക്കുമ്പോൾ താല്പര്യത്തോടെ പങ്കെടുക്കുന്നവർക്കായി മദ്യത്തിനും മയക്കുമരുന്നിനും എതിരായി ബോധവത്കരണം നൽകുന്നതിനൊപ്പം ബൈബിളിലൂടെ ഇതിനുള്ള പരിഹാര മാർഗ്ഗങ്ങളും നൽകിവരുന്നു. കൂടാതെ ഉന്നതതല പോലീസ് അധികാരികൾക്ക് ഇത്തരം മീറ്റിംങ്ങുകളിൽ ബോധവൽക്കരണ ക്ലാസുകൾ എടുക്കാനായി പല വേദികളിൽ അവസരം നൽകാറുണ്ട്.

തിരുവനന്തപുരത്തെ അട്ടക്കുളങ്ങര വനിതാ ജയിലിലും സഹോദരിമാരോടുകൂടെ പോയി അവരോടു ദൈവവചനം പങ്കുവച്ചിട്ടുണ്ട്. എന്നാൽ നിലവിൽ അവിടെ പുരുഷന്മാർക്ക് പ്രവേശനം ഇല്ല. കേരളത്തിലെ എല്ലാ ജയിലുകളിലും സുവിശേഷവുമായി പോകുവാൻ സാധിച്ചിട്ടുണ്ട്, കേരളാ ഗവൺമെന്റിന്റെ പതിനെട്ടോളം ജയിൽദിന ആഘോഷപരിപാടികളിൽ കേരളത്തിലെ പെന്തെക്കോസ്തു വിഭാഗത്തെ പ്രതിനിധീകരിച്ചു ഈ ടീം ആണ് ഡിപ്പാർട്മെന്റിന്റെ പരിപാടികളിൽ ഏറ്റവും കൂടുതൽ പങ്കെടുത്തിട്ടുള്ളത്.

ജയിലിൽ നിന്നും ശിക്ഷ പൂർത്തിയാക്കി പുറത്തിറങ്ങുന്ന ആളുകൾക്ക് അവരുടെ ജീവിതത്തിൽ ഒരു പരിവർത്തനം കാണാൻ കഴിയും. നേരിട്ടറിയാവുന്ന ധാരാളം അനുഭവങ്ങൾ ഉണ്ട്.

ഒരിക്കൽ ഒരു മീറ്റിങ് നടത്തിക്കൊണ്ടിരുന്നപ്പോൾ ഒരു കുറ്റവാളി വല്ലാതെ കരയുന്നതു കണ്ടു. ഡൽഹിയിൽ ഒരു പോലീസ് കോൺസ്റ്റബിളായി ജോലി ചെയ്തിരുന്ന വ്യക്തിയാണദ്ദേഹം, കരച്ചിലിനൊടുവിൽ വിതുമ്പലോടെ അദ്ദേഹം പറഞ്ഞു. ഞാൻ അവളെ കൊന്നത് മനഃപൂർവ്വമായിട്ടല്ല!! ഒരിക്കൽ നാട്ടിലേക്കു വന്ന അവസരത്തിൽ മദ്യലഹരിയിൽ ഭാര്യയുമായി വഴക്കുണ്ടാക്കി ഭാര്യയെ പിടിച്ച് തള്ളി അവരുടെ മൂക്ക് ഭിത്തിയിൽ ഇടിച്ചു, അവൾ ഒരുഭാഗത്തേക്കു വീണു. ഇദ്ദേഹം മദ്യലഹരിയിൽ മറുഭാഗത്തും. അടുത്ത പ്രഭാതത്തിലാണ് ഇദ്ദേഹത്തിന് ബോധം വീണത്. അപ്പോഴേക്കും ഭാര്യ മരിച്ചിരുന്നു. മദ്യം മൂലം ഭാര്യയെ കൊന്നു എന്ന് കുറ്റം സമ്മതിച്ചു ശിക്ഷാപ്രതിയായി. എന്നാൽ ഇപ്പോൾ അദ്ദേഹം തന്റെ തെറ്റ് ഏറ്റുപറഞ്ഞു യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ച് പൂജപ്പുര സെൻട്രൽ ജയിലിൽ ആരാധനയിൽ ഉത്സാഹിയായി പങ്കെടുക്കുന്നു.

സത്യത്തിൽ എന്റെ ഇരുപത്തൊന്നു വർഷങ്ങളിലെ സുവിശേഷ പ്രവർത്തനത്തിൽ ചർച്ചുകളിൽ ചെല്ലുമ്പോൾ എന്നതിലുപരി വചനം കേൾക്കുമ്പോൾ കണ്ണുനീരോടെ കരയുന്നവരെ കണ്ടിട്ടുള്ളത് ജയിലുകളിലാണ്, കുര്യാക്കോസ് പറഞ്ഞു. ഈ പ്രവർത്തനങ്ങളിലൂടെ ധാരാളം കുറ്റവാളികൾ ക്രിസ്തുവിനെ സ്വീകരിക്കുന്ന അനുഭവം ഉണ്ടായിട്ടുണ്ട്. കുറ്റവാളികളെ ബോധവൽക്കരിക്കുന്നതും അവരോടു സുവിശേഷം പറയുന്നതുമൊഴിച്ചാൽ ഇവർക്കുവേണ്ടി സാമ്പത്തിക സഹായങ്ങൾ ചെയ്യാനും ഇദ്ദേഹം ഉത്സുകനാണ്. ഇവരുടെ നിരപരാധികളായ കുട്ടികൾക്ക് സ്കൂൾ ബാഗുകൾ, കുട, തുടങ്ങി വിദ്യാഭ്യാസ സഹായങ്ങൾ ജയിൽ മിനിസ്ട്രിയോടുള്ള ബന്ധത്തിൽ നൽകാറുണ്ട്.


*പാസ്റ്റർ കുര്യാക്കോസും മന്ത്രി എം.എം. മണിയും*

കക്ഷി രാഷ്ട്രീയം കൂടാതെ കേരളത്തിലെ എല്ലാ രാഷ്ട്രീയ നേതാക്കളുമായി നല്ല അടുത്ത ബന്ധം ഇന്നും ഇദ്ദേഹം നിലനിർത്തുന്നുണ്ട്. മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ, മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, സഖാവ് അച്യുതാനന്ദൻ, മറ്റു മന്ത്രിമാർ എം.എൽ.എ മാർ എന്നിവരൊക്കെ അദ്ദേഹത്തിന്റെ സുഹൃത്‌വലയത്തിൽ ഉൾപ്പെടും. ഈ രാഷ്ട്രീയ ബന്ധങ്ങൾ സുവിശേഷീകരണത്തിലും പെന്തെക്കോസ്തു സഭാപ്രവർത്തനങ്ങൾക്കും അനുകൂലമായി ഉപകാരപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്.

പന്തളത്ത് ഒരു പെന്തെക്കോസ്തു ഭവനത്തിൽ നടന്ന പ്രാർത്ഥനയ്ക്കു വിലക്കുണ്ടായ സാഹചര്യം, പെന്തെക്കോസ്തു വീടുകളിലെ കൂട്ടപ്രാർത്ഥനകൾക്ക് കളക്ടറുടെ അനുവാദം വേണമെന്നായിരുന്നു കോടതി വിധി. എന്നാൽ നമുക്കിതു ബാധകമല്ല എന്ന നിലയിലാണ് നമ്മുടെ പല ആളുകളും ഈ വിധിയെ നോക്കി കണ്ടത്.

ഈ വിഷയത്തി ൽ ഇദ്ദേഹം തന്റെ സുഹൃത്തുക്കൾ ആയിരുന്ന പല പോലീസ് ഉദ്യോഗസ്ഥരുമായും നിയമ വിദഗ്ധരുമായും കൂടിക്കാഴ്ച നടത്തുകയും ഈ വിധിക്കെ തിരെ അപ്പീൽ പോകണം എന്ന നിയമോപദേശം ലഭിക്കുകയും ചെയ്തു, ഇതിനു മുന്നോടിയായി ഇദ്ദേഹം അന്നത്തെ കേരളാ മുഖ്യമന്ത്രി ആയിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്കും കേരളത്തിലെ ക്രൈസ്തവ വിഭാഗത്തിലുള്ള എല്ലാ മന്ത്രിമാർക്കും ഇത് സംബന്ധിച്ച കത്ത് കൊടുത്തിരുന്നു, എന്നാൽ ഇതിൽ അനുകൂലമായ കാര്യങ്ങൾ വരാതിരുന്നപ്പോൾ റാന്നി എം.എൽ.എ. ശ്രീ. രാജു എബ്രഹാമിനോട് ഈ കാര്യം പറയുകയും ഇത് രേഖാമൂലം നിയമസഭയിൽ ഒരു സബ്മിഷൻ ഉന്നയിച്ചതിനും പിന്നിൽ പാ. കുര്യാക്കോസിന്റെ രാഷ്ട്രീയബന്ധങ്ങൾ ഉണ്ടായിരുന്നു എന്നതും പെന്തെക്കോസ്തു സമൂഹം വിസ്മരിച്ചുകൂടാ.

ഇതിനോടുള്ള അനുകൂലനിലപാടിനായി അദ്ദേഹം എൽ.ഡി.എഫ് കൺവീനറായ ശ്രീ. വൈക്കം വിശ്വൻ, സഖാവ് പന്ന്യൻ രവീന്ദ്രൻ, ഇപ്പോഴത്തെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ ഉൾപ്പെടെയുള്ള ആളുകളെ നേരിൽ കണ്ടു കാര്യങ്ങൾ ബോധ്യപ്പെടുത്തിയിരുന്നു.

ഈ വിഷയത്തിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടിയുടെ "പരിസരവാസികൾക്ക് പരാതിയില്ലാത്ത വിധത്തിൽ പ്രാർത്ഥന ആകാം" എന്ന നിലപാട് പെന്തെക്കൊസ്തു സമൂഹത്തെ വല്ലാതെ വേദനിപ്പിച്ച ഒരു വിഷയം ആയതിനാൽ ക്രിസ്ത്യൻ ഐക്യവേദി എന്ന പേരിൽ പാസ്റ്റർ കുര്യാക്കോസിന്റെ നേതൃത്വത്തിൽ പുതുപ്പള്ളിയിൽ മുൻമുഖ്യമന്ത്രിയുടെ വീടിനു സമീപത്ത് ഇതുമായി ബന്ധപ്പെട്ട് പ്രതിഷേധസൂചകമായി ഒരു വിശദീകരണയോഗം നടത്തി, അതിനുശേഷം തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിനു മുൻപിൽ ഒരു കൂട്ട പ്രാർത്ഥന നടത്തി, അരുവിക്കരയിൽ ഇരുപത്തിനാലു മണിക്കൂർ ഉപവാസം കിടന്നു പ്രതിഷേധിച്ചു എന്നതും വിപ്ലവവീര്യം കെട്ടടങ്ങാത്ത കുര്യാക്കോസ് എന്ന സുവിശേഷകനിലെ ആവേശമാണ്.

1996-ൽ രാഷ്ട്രീയം ഉപേക്ഷിച്ചു മുഴുവൻ സമയ സുവിശേഷ പ്രവർത്തകനായി. കട്ടപ്പനയ്ക്കടുത്ത് കാഞ്ചിയാർ പുതുക്കാട് എന്ന സ്ഥലത്താണ് താമസം. കാഞ്ചിയാർ ഐ.പി.സി. സഭാംഗമാണ്. ഭാര്യ എലിസബത്ത് അദ്ദേഹത്തിനു സുവിശേഷവേലയിൽ ഏറ്റവും വലിയ കൈത്താങ്ങലാണ്. മകൻ ലിറ്റിഷ് കംപാഷൻ മിനിസ്ട്രിയിൽ സ്റ്റാഫ് വർക്കർ; മകൾ ലിഷ.

# 35 – ാമത് സുവാർത്ത കൺവൻഷൻ സമാപിച്ചു

**കടമ്പനാട്:** 35-ാമത് സുവാർത്ത കൺവൻഷൻ കടമ്പനാട് തെക്ക്, മാനമ്പുഴ,വടക്കേടത്ത് വീട്ടിൽ പരേതനായ ശ്രീ.ബേബിസാറിന്റെ ഭവനാങ്കണത്തിൽ നടന്നു. ജനുവരി 8-10 വരെ നടന്ന പ്രസ്തുത കൺവൻഷൻ സുവാർത്ത ഫുൾ ഗോസ്പൽ ചർച്ച് വൈസ് പ്രസിഡന്റ് പാസ്റ്റർ വി.എസ്. വർഗ്ഗീസ് ഉത്ഘാടനം ചെയ്തു.പാസ്റ്റർമാരായ ടി.വി.പോത്തൻ (സുവാർത്ത ഫുൾ ഗോസ്പൽ ചർച്ച് ജനറൽ സെക്രട്ടറി ), മാത്യു കെ. സഖറിയാ, റവ. ഡോ.കോശി വൈദ്യൻ എന്നിവർ മുഖ്യപ്രഭാഷകരായിരുന്നു. പെട്രാ മ്യൂസിക്സ് ഗാന ശുശ്രൂഷക്കു നേതൃത്വം നൽകി.



gcm january 2017.indd 5 10-01-2017 23:31:32

എബ്രായ ലേഖന പഠനം– ഭാഗം 2

# ദൂതന്മാരെക്കാൾ ശ്രേഷ്ഠൻ

അദ്ധ്യായം രണ്ട്

രണ്ടാം അദ്ധ്യായത്തിനു 18 വാക്യങ്ങളുണ്ട്. യേശുക്രിസ്തു ദൂതന്മാരെക്കാൾ ശ്രേഷ്ഠൻ എന്നുള്ളതാണ് പ്രതിപാദ്യവിഷയം.

“അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന് കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു.”

ക്രിസ്തീയജീവിതത്തിൽ കേട്ട വചനങ്ങൾ കരുതിക്കൊണ്ടു ജീവിച്ചില്ലെങ്കിൽ വിശ്വാസത്തിൽ നിന്നും ഒഴുകിപ്പോകുവാൻ സാധ്യതയുണ്ടെന്നു മുന്നറിയിപ്പു നൽകുന്നു. വചനത്തിൽ നിലനിൽക്കണമെന്ന് അർത്ഥം (യോഹ.8:31).

രണ്ടാം വാക്യത്തിൽ പഴയനിയമ ന്യായപ്രമാണത്തെക്കുറിച്ച് പറയുന്ന വചനം ദൂതന്മാർ മുഖാന്തരം അരുളിച്ചെയ്തതാണ്. യോഹന്നാൻ 1:17–ൽ ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു. മോശെയ്ക്കു കൈമാറിയത് ദൂതന്മാരാണ്. വചനം സ്ഥിരതയുള്ളതാണ്. എന്നാൽ അതു പ്രാപിച്ചവർ ലംഘനം കാണിക്കുകയോ അനുസരണക്കേടു കാണിക്കുകയോ ചെയ്താൽ ന്യായമായ പ്രതിഫലം അഥവാ ശിക്ഷ കിട്ടിയിട്ടുണ്ട് എങ്കിൽ പുതിനിയമ സത്യങ്ങൾ ദൂതന്മാർ മുഖാന്തരം കിട്ടിയതല്ല. ദൈവപുത്രൻ ലോകത്തിൽ വന്ന് പറഞ്ഞുതുടങ്ങിയതും അടയാളങ്ങളാലും അത്ഭുതങ്ങളാലും വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷിനിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ചു തന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റിയൊഴിയും? രക്ഷയെ അഗണ്യമാക്കരുത്. ലൂക്കൊസ് 1:2ലും പ്രവൃത്തി 1:2 ലും സുവിശേഷകനായ ലൂക്കോസ് പറഞ്ഞതിനു തുല്യമാണ് എബ്രായർ 2:3,4 വാക്യങ്ങൾ.

അഞ്ചാം വാക്യത്തിൽ നാം പ്രസ്താവിക്കുന്ന ഭാവിലോകത്തെ ദൈവം ദൂതന്മാർക്കല്ല കീഴ്പ്പെടുത്തിയിരിക്കുന്നത് 1 കൊരി. 6:3–ൽ വിശുദ്ധന്മാർ ദൂതന്മാരെ വിധിക്കും എന്നും കാണുന്നു. കൂടാതെ ആയിരമാണ്ട് വാഴ്ച ദൂതന്മാരുടെ അധികാരത്തിലല്ല. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ അധികാരത്തിലാകയാൽ യേശുക്രിസ്തു ദൂതന്മാരെക്കാൾ ശ്രേഷ്ഠനാണെന്നു തെളിയുന്നു

ആറാം വാക്യം 8–ാം സങ്കീർത്തനത്തിന്റെ 4 മുതലുള്ള വേദഭാഗങ്ങളുടെ ഉദ്ധരണിയാണ്. ആദാമിനെ ഏദനിൽ ആക്കിയപ്പോൾ തേജസ്സും ബഹുമാനവും അണിയിച്ചിരുന്നു. ആദാം ദൂതന്മാരെക്കാൾ അല്പം താഴ്ന്നവനായിരുന്നു. എന്താണ് ആദാമിന്റെ താഴ്ച. ദൂതന് മരണമില്ല, ആദാമിനു മരണമുണ്ട്. ദൈവത്തിന്റെ കൈകളുടെ പ്രവർത്തികൾക്ക് ദൈവം ആദാമിനെ അധിപധിയാക്കി സകലത്തെയും ആദാമിന്റെ കാൽക്കീഴാക്കിയിരുന്നു. സകലവും എന്നതിൽ ഒന്നിനെയും ഒഴിവാക്കിയിരുന്നില്ല. 8–ാം വാക്യത്തിന്റെ അവസാനത്തിൽ എന്നാൽ ഇപ്പോൾ സകലവും അവനു കീഴ്പെട്ടതായി കാണുന്നില്ല. പാപം ചെയ്യുന്നതു വരെ സകലവും ആദാമിനു കീഴ്പ്പെട്ടിരുന്നു. എന്നാൽ പാപം ചെയ്ത ആദാമിനു സകലവും കീഴ്പെട്ടതായി കാണുന്നില്ല. 8–ാം സങ്കീർത്തനത്തിൽ ജീവജാലങ്ങളെ നാട്ടുമൃഗം, കാട്ടുമൃഗം, ആകാശത്തിലെ പക്ഷി, സമുദ്രത്തിലെ മത്സ്യം എന്നിങ്ങനെ നാലായി തിരിച്ചിരിക്കുന്നു. എന്നാൽ ഉല്പത്തി 1:26–ൽ മൃഗം, ആകാശത്തിലെ പക്ഷി, സമുദ്രത്തിലെ മത്സ്യം എന്നിങ്ങനെ മൂന്നു ഗണങ്ങളെയാണ് കാണുന്നത്. പാപം ചെയ്യുന്നതിനു മുമ്പ് മൂന്നു ഗണങ്ങളായും പാപം ചെയ്ത ശേഷം നാല് ഗണങ്ങളായും കാണുന്നു. പാപത്തിനു ശേഷമാണ് മൃഗങ്ങൾ നാട്ടുമൃഗങ്ങളായും കാട്ടുമൃഗങ്ങളായും തിരിഞ്ഞത്. എന്നാൽ ദൈവപുത്രൻ ലോകത്തിൽ



പാസ്റ്റർ ഷാജു വർഗ്ഗീസ് തലപ്പാടി
9495706832

വന്നപ്പോൾ നാട്ടുമൃഗമായ കഴുതയെയും, അവൻ മരുഭൂമിയിൽ നാല്പതു ദിവസം കാട്ടുമൃഗങ്ങളോടും കൂടെ ആയിരുന്നു എന്നുള്ളതിൽ നിന്നും കാട്ടുമൃഗങ്ങളെയും, തന്റെയും പത്രൊസിന്റെയും കരം കൊടുക്കേണ്ടതിന് പത്രൊസിന്റെ ചൂണ്ടലിൽ ചതുർദ്രഹ്മപ്പണം വായിലുള്ള മീൻ വന്നപെട്ടപ്പോൾ സമുദ്രത്തിലെ മത്സ്യത്തെയും, പത്രൊസ് മൂന്നു വട്ടം തള്ളിപ്പറയുന്നതു വരെ കൂവാതിരുന്ന കോഴിയെ നിയന്ത്രിച്ചു കൊണ്ട് പക്ഷികളെയും നിയന്ത്രിക്കാമെന്നു കാണിച്ചുതന്നു. ഒൻപതാം വാക്യത്തിൽ ദൂതന്മാരിലും അല്പം ഒരു താഴ്ച വന്നവനായ യേശു മരണം അനുഭവിച്ചതുകൊണ്ട് അവനെ മഹത്വവും ബഹുമാനവും അണിഞ്ഞവനായി കാണുന്നു. യേശുവിന് ദൂതന്മാരിലും അല്പം ഒരു താഴ്ച വന്നത് ദൂതന് മരണമില്ല, യേശു മനുഷ്യനായപ്പോൾ മരിച്ചു, അതാണ് താഴ്ച. പാപപരിഹാരത്തിനായ ദൂതൻ ലോകത്തിൽ വന്നാൽ അവനു മരണമില്ല. പാപത്തിന്റെ ഫലമായുണ്ടായ മരണം മാറ്റുന്നതിന് മരണമുള്ള മനുഷ്യൻ വരേണ്ടിയിരുന്നു. അതിനാണ് പിതാവ് പുത്രനെ മനുഷ്യനായി ലോകത്തേക്ക് അയച്ചത്. മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു മഹത്വവും ബഹുമാനവും അണിഞ്ഞവനാണ്.

പത്താം വാക്യത്തിൽ സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനുമായവൻ അനേക പുത്രന്മാരെ തേജസ്സിലേക്കു നടത്തുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നത് യുക്തമായിരുന്നു. ഏതു വീട്ടിലെയും മൂത്ത മക്കൾക്ക് ഇളയ മക്കളെ വളർത്തുന്നതിന് കഷ്ടതകൾ പലതും സഹിക്കേണ്ടി വരും. അതുപോലെ യേശു ദൈവത്തിന്റെ ഏകജാതനായിരുന്നു (യോഹ. 3:16). എന്നാൽ അവന്റെ ബലിമരണത്തോടുകൂടെ ദൈവത്തിങ്കലേക്കു വന്നവരുടെ മൂത്ത ജ്യേഷ്ഠനാണ് യേശുക്രിസ്തു. പിന്നാലെ ജനിക്കുന്ന മക്കൾക്കു വേണ്ടിയാണ് മൂത്ത ജ്യേഷ്ഠനായ യേശു കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായത്. നമ്മെ വിശുദ്ധീകരിക്കുന്ന യേശുവിനും വിശുദ്ധീകരിക്കപ്പെടുന്ന നമുക്കും പിതാവ് ഒന്നാണ്. തന്മൂലം യേശു നമ്മെ സഹോദരന്മാർ എന്നു വിളിക്കുന്നതിനു ലജ്ജിക്കുന്നില്ല.

13–ാം വാക്യത്തിൽ യെശയ്യാവ് 8:18 ഉദ്ധരിച്ചുകൊണ്ട് യേശു തന്റെ സഹോദരന്മാരായ നമ്മെക്കുറിച്ച് മക്കൾ എന്നു സംബോധന ചെയ്യുന്നതായി പറയുന്നു.

പതിനാലാം വാക്യത്തിൽ യേശുക്രിസ്തുവിലൂടെ ദൈവത്തിങ്കലേക്കു വരുന്ന മക്കളായ നാം ജഡരക്തങ്ങളോടു കൂടിയവരാകയാൽ യേശുവും ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി. ജീവപര്യന്തം മരണഭീതിയിൽ അടിമകളായിരുന്ന നമ്മെ വിടുവിച്ചു.

പതിനാറാം വാക്യത്തിൽ യേശു ലോകത്തിൽ വന്നത് ദൂതന്മാരെ സംരക്ഷണം ചെയ്യുവാനല്ല. അബ്രഹാമിന്റെ സന്തതിയെ സംരക്ഷണം ചെയ്യുവാനത്രെ വന്നത്. യേശു പരീക്ഷിതനായി കഷ്ടം അനുഭവിച്ചതിനാൽ പരീക്ഷിക്കപ്പെടുന്നവരെ സഹായിപ്പാൻ കഴിവുള്ളവനാകുന്നു.






gcm january 2017.indd 6 10-01-2017 23:31:32

സമകാലീനം

# സ്കോർ: ഫോർട്ടിഫോർ ഫോർ ഫോർട്ടിഫോർ!



വിനോദ് ഏബ്രഹാം

* റാന്നി സെന്റ് തോമസ് കോളേജിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ കോളേജ് ലൈബ്രറിയിലെ ടി.വി.യിൽ നടന്നുകൊണ്ടിരുന്ന ക്രിക്കറ്റ് മത്സരം കാണുവാനായി ഞാനും ഇപ്പോൾ ദുബായിലുള്ള എന്റെ സുഹൃത്ത് ഇ.കെ.യും കൂടി കടന്നുചെന്നു. തിരക്കു കാരണം അകത്തു കയറിപ്പറ്റാനാവാതെ നിന്ന ഞങ്ങൾ പിറകിൽ നിന്നിരുന്ന അവിടുത്തെ പ്യൂൺ അച്ചായനോട് കളിയുടെ സ്കോർ ചോദിച്ചപ്പോൾ അദ്ദേഹം തന്ന മറുപടിയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അറിയില്ലെന്നു പറയാനുള്ള ചമ്മൽ കൊണ്ട് ആരോ പറഞ്ഞുകേട്ട സ്കോറിൽ ഒരു ഫോർ അദ്ദേഹം കൂട്ടി പറഞ്ഞുപോയതാണ്. എൺപതുകളുടെ അവസാനം ക്രിക്കറ്റ് കളിക്കുന്നതും അറിയുന്നതുമെല്ലാം സ്റ്റാറ്റസ് സിംബലായ കരുതിയിരുന്ന, ക്രിക്കറ്റ് ജ്വരം പടർന്നുപിടിച്ചുകൊണ്ടിരുന്ന സമയമായിരുന്നു.

* ബൗണ്ടറി ലൈനിനപ്പുറം പോകുന്ന പന്തുകൾ പെറുക്കുന്ന ബോൾ ബോയി ടീം ക്യാപ്റ്റനായതു പോലെയാണ് ഇപ്പോൾ തമിഴകത്തെ പുതിയ കളികൾ. പുരൈട്ചി തലൈവിക്കു പകരം തോഴിയായിരുന്ന ശശികലയെ തിരഞ്ഞെടുത്തത്രേ. കുറെക്കാലം ജയലളിതയുടെ ബാഗും തൂക്കി നടന്ന മഹത്തായ പാരമ്പര്യം കൃഷ്ണവേണിയെന്ന ശശികലയ്ക്കുണ്ടത്രേ. തമിഴ്നാടല്ലേ, ഇതിനപ്പുറവും നടക്കും. ഏതായാലും ജയലളിതയെക്കൊണ്ടു ചീത്തക്കാര്യങ്ങൾ ചെയ്യിച്ച ഒരു ദുർമന്ത്രവാദിനിയുടെ ഇമേജ് മാറ്റിയെടുക്കുക എന്നത് ശശികലയ്ക്ക് അത്ര എളുപ്പമായിരിക്കില്ല.

* ഉത്തർപ്രദേശിലിതാ അഖിലേഷ് യാദവിന്റെ ഫാസ്റ്റ് ബൗളിംഗിൽ എതിരാളികളുടെ വിക്കറ്റുകൾ ഒന്നൊന്നായി വീണുകൊണ്ടിരിക്കുന്നു. അഖിലേഷും അപ്പന്റെ സഹോദരനായ ശിവ്പാൽ യാദവും തമ്മിലുള്ള കളിക്കിടയിൽ മുലായംസിംഗ് യാദവിന് അമ്പയറുടെ റോൾ മാത്രം. സമാജ്‌വാദി പാർട്ടിയുടെ ദേശീയ നേതൃത്വവും അഖിലേഷ് ഇതാ പിടിച്ചെടുത്തിരിക്കുന്നു. ചേരിതിരിവിനിടയിൽ ബഹുഭൂരിപക്ഷം എം.എൽ.എ.മാരും ചെറുപ്പക്കാരനും സുമുഖനുമായ അഖിലേഷിനൊപ്പമത്രേ. ഏതായാലും യു.പി.യിൽ മൂന്നു പതിറ്റാണ്ട് നീണ്ട മുലായം യുഗത്തിന് ഇതാ അന്ത്യം കുറിക്കപ്പെട്ടിരിക്കുന്നു.

* തുടരെ നോബോളുകൾ എറിയുന്ന മോദി സാറിന്റെ അടുത്ത നോബോൾ ഇതാ! പശുക്കൾക്കും ആധാർകാർഡ് വേണമത്രേ. അവയ്ക്കും പണികിട്ടിപ്പോയി. ജനത്തെ ദുരിതങ്ങളിലേക്കു നയിക്കുന്ന നയങ്ങൾക്കെതിരെ പ്രതികരിക്കുവാനോ പ്രവർത്തിക്കുവാനോ ശക്തമായ ഒരു പ്രതിപക്ഷം രാജ്യത്തുണ്ടോ എന്നുതന്നെ സംശയമാണ്. കാര്യങ്ങൾ എന്തൊക്കെയായാലും ഭരണത്തിലെ മോഡിയുടെ ക്യാപ്റ്റൻസിക്ക് തല്ക്കാലം ഇളക്കമുണ്ടാകാനിടയില്ല.

*ഇപ്പോളിതാ ഇന്ത്യയിലെ ഏറ്റവും മികച്ച ക്യാപ്റ്റനായിരുന്ന മഹേന്ദ്രസിംഗ് ധോണി ഏകദിന നായകസ്ഥാനത്തു നിന്നും വിരമിക്കുന്നു. മിസ്റ്റർ കൂൾ എന്ന പ്രതിഭാശാലിയായ ധോണി ഇനി സാധാരണ കളിക്കാരൻ മാത്രം. സ്വരം നന്നായിരിക്കുമ്പോൾ പാട്ടുനിർത്തുന്നവർ വളരെ ചുരുക്കം. സ്ഥാനമാനങ്ങൾക്കായി പാനലുകൾ ഉണ്ടാക്കുകയും ജനങ്ങളെ തമ്മിലടിപ്പിക്കുകയും ചെയ്യുന്ന ആത്മീയനേതാക്കൾക്കു പോലും സ്ഥാനത്യാഗം എന്നത് അപൂർവ്വമായ കാര്യമാണ്. കളിയും ജയവും കസേരകളികളുമില്ലാത്ത നിത്യരാജ്യത്തെത്തുവാൻ മാതൃകാപരമായ ജീവിതം നയിക്കുവാൻ നമുക്കിടയാകട്ടെ.






gcm january 2017.indd 7 10-01-2017 23:31:35

## NAJM TOURS

**Airline Booking**

**Hotel Reservations**

**International Holiday Packages**

**Business Travels**

**Inbound Holidays**

**Visa Change**

CANADA, USA, UK, EUROPE / SCHENGEN,
SINGAPORE, MALAYSIA, AUSTRALIA, NEW ZEALAND
VISA DOCUMENTATION & APPOINTMENT SCHEDULING

## SPECIAL RATES FOR UAE VISAS

90 DAYS - AED 950
30 DAYS - AED 340

**Ginu Mathew** ginu@najmtours.com
+971 555 252 251, +971 55 42 84 787



## NAJM TOURS

P.O. Box: 96727, Near Mubarak center, Sharjah, UAE
**Tel: Off: +971 6 521 36 76**
www.najmtours.com
Najm Tours twitter.com/najm_tours

Mr. Pius / Mr. venkat
OFF: + 971 6 521 21 20
(Holidays)
pius.chit@najmtours.com
venkat@najmtours.com

Mr. Jimmy
+971 55 13 23 443
(Ticketing)
jimmy@najmtours.com


Printed and Published by Reji George, Chief Editor: Shibu Kandathil, Circulation Manager: Sam Marokey. Mob. 055 8529710, 0501093157, 91 9884462707. Email: gcmessenger@gmail.com
For Private Circulation Only - Not for Sale

gcm january 2017.indd 8 10-01-2017 23:31:36